| | | |
|---|---|---|
| 4 | പേഴ്സണൽ അസിസ്റ്റന്റ് | പേഴ്സണൽ സെക്രട്ടറി |
| 5 | ടൈപ്പിസ്റ്റ് | കമ്പ്യൂട്ടർ അസിസ്റ്റന്റ് |
| 6 | പ്യൂൺ | ഓഫീസ് അറ്റൻഡന്റ് |
| 7 | ഡ്രൈവർ | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് |
| 8 | ഫുൾ ടൈം ടെലഫോൺ ക്ലീനർ | ഫുൾടൈം ഫോട്ടോകോപ്പിയർ കം കമ്പ്യൂട്ടർ കം ടെലഫോൺ ക്ലീനർ |
| 9 | സൈക്കിൾ സ്റ്റാൻഡ് വാച്ച്മാൻ | സെക്രട്ടേറിയറ്റ് ട്രാഫിക് വാർഡൻ |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന് കീഴിൽ പുനർനാമകരണം ചെയ്ത തസ്തികകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | തസ്തികയുടെ പുതിയ പേര് |
|---|---|---|
| 1 | സൂപ്രണ്ടിംഗ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ |
| 2 | എൽ.ഡി.ക്ലാർക്ക് | ക്ലാർക്ക് |
| 3 | യു.ഡി.ക്ലാർക്ക് | സീനിയർ ക്ലാർക്ക് |

മറ്റ് വകുപ്പുകളിലെ തസ്തികകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) പുനർനാമകരണം ചെയ്ത തസ്തികകൾക്ക് സാമ്പത്തിക ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല.

**മാതൃവകുപ്പിലേക്ക് തിരികെ വരുന്നവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ**

. **35 (3539)** ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. & എസ്. എസ്. ആർ. റൂൾ-8 അനുസരിച്ച് മാതൃവകുപ്പിലേക്ക് തിരികെ വരുന്നവർക്ക് സീനിയോറിറ്റി ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കേണ്ടത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇങ്ങനെ മാതൃവകുപ്പിലേക്ക് തിരികെ വരുന്ന ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി നിഷേധിക്കുവാൻ വകുപ്പ് മേധാവികൾക്ക് എന്തെങ്കിലും അധികാരമുണ്ടോ; വിശദമാക്കുമോ;

(സി) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 -നെ മറ്റേതെങ്കിലും ചട്ടപ്രകാരം നിഷേധിക്കുവാൻ നിയമനാധികാരിക്കോ വകുപ്പ് മേലധികാരികൾക്കോ അധികാരം ഉണ്ടോ;

(ഡി) പ്രസ്തുത റൂൾ പ്രകാരമുള്ള സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നത് അകാരണമായി തടയുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം ശിക്ഷണ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നറിയിക്കുമോ?

ഉത്തരം

(എ) KS&SSR റൂൾ 8 പ്രകാരം മാതൃവകുപ്പിലെ സർവ്വീസിലേക്ക് തിരികെ വരുന്ന ജീവനക്കാർക്ക് ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സീനിയോറിറ്റി, പ്രൊമോഷൻ, പൂർണ്ണ അംഗമായിട്ടുള്ള നിയമനം മുതലായ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(ബി) സീനിയോറിറ്റി നിശ്ചയിക്കുന്ന കാര്യത്തിൽ ചട്ടപ്രകാരമാണ് നടപടികൾ സ്വീകരിക്കേണ്ടത്.

(സി) നിയമനാധികാരികളും വകുപ്പ് മേലധികാരികളും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമാണ് നടപടികൾ സ്വീകരിക്കേണ്ടത്.

(ഡി) ഡ്യൂട്ടിയിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ KCS (CC & A) റൂൾസ് പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

**സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ**

**36 (3540)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) 2015 നവംബർ 25 വരെ ഓരോ മന്ത്രിയുടെയും പരിഗണനയ്ക്ക് വന്ന ഫയലുകളിൽ ഇനിയും തീരുമാനമെടുക്കാൻ ബാക്കി നിൽപ്പുള്ളവ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫയലുകളിൽ മൂന്നു മാസമായും ആറു മാസമായും ഒരു വർഷത്തിലധികമായും തീരുമാനമാകാതെ മന്ത്രി ഓഫീസുകളിൽ കെട്ടിക്കിടപ്പുള്ള ഫയലുകൾ എത്ര വീതമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly